# <u>ആനക്കാര്യം</u>

**[ഡോ. ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**ഉള്ളിൽ** വളരുന്ന ആന
ശിരസാ വഹിക്കുന്ന ആന
ആനത്തലയൻ
ചെറുകണ്ണാൽ
ശാക്തിക ചേരിയഴുക്കൊഴുക്ക്
കണ്ട് കൊണ്ടറിഞ്ഞ ജീവൻ.

ഞരമ്പു വ്യൂഹപ്പടർപ്പിൽ
പരിസരപ്പനയിൽ തളച്ച
തിളക്കുമിളകൾ ചിന്നുന്ന
തലയോട്ടി സൂക്ഷ്മ സുഷിരം
ആവി പരത്തും ഗജയോഗം.

ആന അമറുമ്പോൾ
കണ്ഠം തുറക്കുന്നു.
ആന അമരുമ്പോൾ
പണ്ടം ചെരിയുന്നു.

ചിന്നം വിളിച്ച്
കപാലനഗരിയിൽ
മദിപ്പിന്റെ മത്തുസേവയിൽ
തുമ്പി വീശിയുയർത്തി
സ്വയം തൂക്കിയെറിയുന്നു.

പീനമാനതമേനിയും
മെലിപ്പു ശക്തിയും
തുടർനാടക രംഗസ്സമൃദ്ധിയിൽ
ചോദ്യ ചോദനപ്പല്ലവി:

കരിയോ
കളഭമോ
ചേനക്കാര്യമിടപാടിലെ
ഐരാവത വെള്ളാനയോ
തടവുചങ്ങല ചാടാൻ
കിട്ടിയാപ്പാതിക്കളിക്കു
കൂട്ടുകൂടുന്ന കുഴിയാനക്കുട്ടിയോ
നാളെ നാളെ നീളെ നീളേയെന്ന
ഗണേശ വിഘ്നവാരണ തലയാളോ!
*************************************************************